**S 3001**

# SSLC EXAMINATION, MARCH - 2026

## MALAYALAM

First Language - Paper I

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**Score**

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)** **4x1=4**

1. ''ഗുണവുമനവധി ദോഷമായിതു.'' 1

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ഹംസത്തിന്റെ ഈ വാക്കുകളിലെ ആശയമെന്ത് ?

(A) ദോഷങ്ങൾ ഗുണമാക്കി മാറ്റണം

(B) ഗുണങ്ങൾ ദോഷമായിത്തീരുന്നു

(C) ഗുണവും ദോഷവും വിധിയാണ്

(D) ഗുണങ്ങൾ ഉള്ളവർക്ക് ദോഷം വരില്ല.

2. 'അതിനാൽ ഞാനത് നൂറ്റമ്പത് പേർക്ക് വിതരണം ചെയ്തു.' 1

(അന്നന്നത്തെ മോക്ഷം)

ഈ വരികളിൽ സൂചിപ്പിക്കുന്നത് എന്ത് ?

(A) സാമൂഹിക സേവനം ചെയ്യാനുള്ള മനോഭാവം

(B) നവമാധ്യമങ്ങളോടുള്ള താൽപര്യക്കുറവ്

(C) സന്തോഷം പങ്കിടാനുള്ള മനസ്സില്ല

(D) നവമാധ്യമങ്ങളിലെ സജീവമായ ഇടപെടലുകൾ

Score

3. ചുവടെ പിരിച്ചെഴുതിയവയിൽ ശരിയായത് ഏതെല്ലാം ? 1

(i) നീർച്ചുഴി – നീർ, ചുഴി

(ii) തൊട്ടപ്പുറത്ത് – തൊട്ട്, പുറത്ത്

(iii) പെരുമയും – പെരുമ, ഉം

(iv) തമ്മിൽത്തമ്മിൽ – തമ്മിൽ, തമ്മിൽ

(A) (i) ഉം (ii) ഉം ശരിയാണ് (B) (ii) ഉം (iii) ഉം ശരിയാണ്

(C) (i) ഉം (iii) ഉം (iv) ഉം ശരിയാണ് (D) എല്ലാം ശരിയാണ്

4. ''എന്താ കണ്ണടച്ചിരിക്കണേ ?'' പെൺകുട്ടി ചോദിച്ചു. 1

''കാണുകയാണ് ''

''കണ്ണടച്ചിരുന്നാൽ കാണ്വോ ?''

''കാണും.''

(വെള്ളത്തിന് തെളിയാതിരിക്കാനാവില്ല)

ഈ നോവൽ സന്ദർഭത്തിന് യോജിച്ച പ്രസ്താവന ഏത് ?

(A) കണ്ണടച്ചിരുന്നാൽ ഒന്നും കാണാനാവില്ല.

(B) മനസ്സുകൊണ്ട് എല്ലാം കാണാൻ കഴിയും

(C) കണ്ണുണ്ടായാൽ പോരാ കാണണം

(D) ഒന്നും കാണാൻ ആഗ്രഹമില്ല.

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം.** 3x3=9

5. ''പേനയും പടവാളും ശാസ്ത്രവും പ്രേമത്തിന്റെ 3

ഗാനശൈലിയുമായിസ്സഞ്ചരിക്കുന്നൂ നിത്യം!''

(പ്രയാണം)

മനുഷ്യ പുരോഗതിയെ ഈ വരികളിൽ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ? വ്യക്തമാക്കുക.

6. ''പറയൂ 3

മലകളേ മരങ്ങളേ

കുറുമരേ കുറിച്യരേ

നിങ്ങൾ ആകെ എത്ര ജീബി?''

(ബത്തേരിക്കടുത്ത് മലങ്കരയിൽ)

വർത്തമാനകാല സമൂഹത്തിന്റെ മനുഷ്യത്വമില്ലാത്ത സമീപനം ഈ വരികളിൽ നിന്നും കണ്ടെത്തിയെഴുതുക.

Score

7. (A) ''ദുർബലമായ തണ്ടിൽ നിവർന്നു നിൽക്കാൻ പാടുപെടുന്ന, മുഖം താഴ്ത്തിപ്പിടിച്ച, രണ്ട് ആമ്പൽപ്പൂക്കളിലേക്ക് നോക്കി നൂർമുഹമ്മദ് നെടുവീർപ്പിട്ടു.'' 3

(വെള്ളത്തിന് തെളിയാതിരിക്കാനാവില്ല)

പെൺകുട്ടിയുടെ മാനസികാവസ്ഥ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) 3

- അയാൾ ചെറുതായൊന്നു ഞെട്ടിപ്പോയി.
- അയാൾ കുളിക്കാൻ പോയി.

രണ്ട് വാക്യത്തിലും പോയി എന്ന പദത്തിന് ഒരേ അർത്ഥമാണോ ? വ്യക്തമാക്കുക.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)** 4x5=20

8. ''ഈ ലോകത്തിൽ അവനെ തിരിച്ചറിഞ്ഞ ഒരാളേ ഉള്ളൂ അത് അവന്റെ അച്ഛനാണ്. സ്കൂളിൽ അവന് കൂട്ടുകാരില്ല.'' 5

(തേൻ)

നൽകിയിരിക്കുന്ന സൂചനയും പാഠഭാഗവും വിശകലനം ചെയ്ത് 'തേൻ' എന്ന സിനിമയിലെ അച്ഛനും മകനും തമ്മിലുള്ള ആത്മബന്ധത്തിന്റെ സവിശേഷതകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

9. 5

- ''കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
  കർണ്ണസുഖം ഞാൻ പറകയില്ലാരോടും.''

  (എഴുത്തച്ഛൻ)

- ''ഒരുത്തർക്കും ലഘുത്വത്തെ
  വരുത്തുവാൻ മോഹമില്ല
  ഒരുത്തനും ഹിതമായി-
  പ്പറവാനും ഭാവമില്ല.''

  (കുഞ്ചൻ നമ്പ്യാർ)

| | |
|---|---|
| ഹിതം | – ഇഷ്ടം |
| ലഘുത്വം | – നിസ്സാരത |

രണ്ട് കാവ്യഭാഗങ്ങളിലെയും ജീവിത വീക്ഷണം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

10. പട്ടിയെയും മറ്റേ വിശ്വസ്തനെയും മാറിമാറി നോക്കി പത്രസ്വാമി ചോദിച്ചു : 5

''ഉനക്ക് എന്ന വേണം ?''

വെങ്കടേശൻ പറഞ്ഞു :

''ചീഫ് റിപ്പോർട്ടറാകണം.''

(റസിഡന്റ് എഡിറ്റർ)

പത്രമാധ്യമ രംഗത്തെ ദുഷ്പ്രവണതകളെ ആക്ഷേപഹാസ്യ രൂപത്തിൽ അവതരിപ്പിക്കുന്ന കഥയാണോ റസിഡന്റ് എഡിറ്റർ ?

നൽകിയ സന്ദർഭവും കഥയും വിലയിരുത്തി നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

11. (A) ''എവിടെ നോക്കിയാലും ഒരുതരി മണ്ണുപോലും കാണാൻ കഴിയില്ല. പല നിറങ്ങളിലുള്ള ടൈൽസ് മാത്രം.'' 5

(മണ്ണും മനുഷ്യനും)

സൂചനയും കഥയും വിശകലനം ചെയ്ത് മണ്ണും മനുഷ്യനും എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ''കഷ്ടിച്ച് ഏതാനും മാസങ്ങൾ മാത്രം നീണ്ടുനിന്ന ആത്മബന്ധത്തിന്റെ നിറപ്പകിട്ടാർന്ന ദിനങ്ങളുടെ മാധുര്യവും സ്മരണയും അമ്മയുടെ കവിളിൽ കണ്ണീരായൊട്ടിനിന്നു.'' 5

(മുരിങ്ങാമരത്തോപ്പ് )

ഇത്തരത്തിലുള്ള വാക്യങ്ങളാണ് കഥയെ ഹൃദയസ്പർശിയാക്കുന്നത്.

ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നൽകിയ സന്ദർഭവും കഥയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)**

1x7=7

12. (A) • നാട്ടുഭാഷകളെ ചവിട്ടിമെതിക്കുന്നതും പട്ടിണിക്കിടുന്നതും എനിക്ക് അസഹനീയമാണ്. വിദേശമാധ്യമം നമ്മുടെ കുട്ടികളെ സ്വന്തം മണ്ണിൽ പ്രായോഗികമായി വിദേശീയരാക്കിയിരിക്കുന്നു. 7

(മഹാത്മാഗാന്ധി)

• 


കാർട്ടൂൺ : സചിത്രൻ പേരാമ്പ്ര

• നഗരകേന്ദ്രീകൃത വിദ്യാലയങ്ങളിൽ മാതൃഭാഷയെ കൈയും കാലും കെട്ടി മൂലയിലിരുത്തിയിരിക്കുകയാണ്. വീടുകളിലും അതുതന്നെ ഗതി

(പ്രകാശ് രാജ്)

മുകളിൽ നൽകിയ നിരീക്ഷണങ്ങളും കാർട്ടൂണും വിശകലനം ചെയ്ത് മാതൃഭാഷ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

Score

(B) ആശയം, ആസ്വാദനാംശങ്ങൾ, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് കവിതാഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക. 7

ഓണം

മാനം തെളിഞ്ഞൂ, മഴ നിലച്ചൂ
ഓണമെല്ലാടവും പൂവിരിച്ചൂ.

പാലാണു പെയ്തതെന്നല്ലി ചൊൽവൂ
ചേലാർന്ന തുമ്പമലർക്കുടങ്ങൾ ?
പൊന്നിന്റെ തുള്ളികളാണു പെയ്ത-
തെന്നല്ലീ മുക്കുറ്റിയങ്കണത്തിൽ ?

ആയിരമല്ലലിന്നല്ലു നീങ്ങാ-
നാനന്ദപ്പൊൻകതിരൊന്നു പോരും.

കണ്ണുനീർ തോരുന്നിതെത്ര വേഗം,
മണ്ണിനഭിമതം മന്ദഹാസം!

(കൂടും കിളിയും – വൈലോപ്പിള്ളി)

| | |
|---|---|
| അല്ലൽ | ദുഃഖം |
| അഭിമതം | ഇഷ്ടം |
| അങ്കണം | മുറ്റം |
| അല്ല് | ഇരുട്ട് |

-o0o-